# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2759 — 19.02.2016 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില സാധനങ്ങൾക്ക് നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിലക്കയറ്റം തടയുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; അതിൽ എത്ര ചെലവഴിച്ചു; എന്തിനെല്ലാം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയ്ക്ക് പുറമേ അഞ്ച് കോടി രൂപ കൂടി (ആകെ 70 കോടി രൂപ) വിപണിയിടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വിപണിയിടപെടൽ പദ്ധതിയ്ക്കായി 240.42 കോടിയും, 2014 ഓണക്കാലത്ത് ബി.പി.എൽ. കിറ്റ് വിതരണത്തിന് 11.87 കോടി രൂപയും, 2014 ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണത്തിന് 5.49 കോടി രൂപയും ചേർത്ത് ആകെ 257.78 കോടി രൂപയാണ് ഈ ഇനത്തിൽ സപ്ലൈകോ ചെലവഴിച്ചത്. |
| (സി) ഉപഭോക്താക്കളിൽ നിന്നും അമിത വില ഈടാക്കിയതിനും മറ്റുമായി ഈ സർക്കാർ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) അമിത വില ഈടാക്കിയതിന്റെ പേരിൽ തൃശ്ശൂർ ജില്ലയിൽ 3 പരാതികളും, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ ഓരോ പരാതിയും ലഭിച്ചിരുന്നു ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ അമിത വില ഈടാക്കിയതിന്റെ പേരിൽ 119 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ അമിത വില ഈടാക്കിയതിന്റെ പേരിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ